**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 619** **23-02-2022 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈദ്യുതി കണക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ എത്ര ഭവനങ്ങൾക്കാണ് പുതിയതായി വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുള്ളത്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ 2844 വീടുകൾക്കാണ് വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത്/ മുൻസിപ്പാ ലിറ്റി തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം ഉറപ്പു വരുത്തുന്നതിനായി ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | 2017 ലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വനം വകുപ്പ്/കാരാപ്പുഴ ജലസേചന വകുപ്പ് എന്നിവയുടെ ഒബ്ജക്ഷൻ നിലവി ലില്ലാത്ത എല്ലാ ആദിവാസി കോളനികളിലും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ മുട്ടിൽ പഞ്ചായത്തിലെ മാടംകുന്ന് കോളനി, വെള്ളക്കെട്ട് പണിയകോളനി, ഗോവിന്ദൻപാറ കോളനി, ചീപ്രം കോളനി, വെള്ളക്കെട്ട് കാട്ടുനായക്ക കോളനി എന്നിവിടങ്ങളിലും മേപ്പാടി പഞ്ചായത്തിലെ പരപ്പൻപാറ കോളനിയിലും വൈദ്യുതീകരണം ബാക്കിയുണ്ട്. പ്രസ്തുത വിവരങ്ങൾ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. വനംവകുപ്പിന്റെ അനുമതി, വൈദ്യുതീകര ണത്തിന് ആവശ്യമായ തുക എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കുന്നതാണ്. |
| (സി) | വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര ആദിവാസി ഭവനങ്ങൾ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (സി) | കല്പറ്റ മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ആദിവാസി ഭവനങ്ങളുടെ കൃത്യമായ എണ്ണം കെ.എസ്.ഇ.ബി.എൽ-ൽ ലഭ്യമല്ല. |
| (ഡി) | പുതിയതായി വൈദ്യുതി കണക്ഷൻ ലഭിക്കാൻ വേണ്ടി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് 2021 മുതൽ 2022 ജനുവരി 31 വരെ ലഭിച്ചിട്ടുള്ളത് ; ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷ പരിഗണിച്ചുവെന്നും | (ഡി) | പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കാൻ വേണ്ടി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിന്നും 3405 അപേക്ഷകളാണ് 2021 മുതൽ 2022 ജനുവരി 31 വരെ ലഭിച്ചിട്ടുള്ളത് . ഇതിൽ 3364 അപേക്ഷകർക്കു വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 41 |

| | | | |
|---|---|---|---|
| | ഇനി എത്ര അപേക്ഷകൾ പരിഗണിക്കാനുണ്ടെന്നും പരിഗണിക്കാൻ വൈകുന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ? | | അപേക്ഷകർക്ക് വയറിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **പഞ്ചായത്ത്/ മുൻസിപ്പാലിറ്റി** | **നൽകിയ കണക്ഷനുകളുടെ എണ്ണം** |
|---|---|
| പടിഞ്ഞാറത്തറ | 143 |
| തരിയോട് | 106 |
| വൈത്തിരി | 247 |
| മേപ്പാടി | 296 |
| മൂപ്പൈനാട് | 112 |
| കണിയാമ്പെറ്റ | 211 |
| മുട്ടില് | 1138 |
| കല്പറ്റ മുനിസിപ്പാലിറ്റി | 162 |
| വെങ്ങപ്പള്ളി | 13 |
| കോട്ടത്തറ | 228 |
| പൊഴുതന | 188 |
| ആകെ | **2844** |